<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310</u> <u>19-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പുതുക്കാട് മണ്ഡലത്തിലെ വിവിധ പാലം നിർമ്മാണ പ്രവൃത്തികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കാരിക്കുളം കടവ് പാലം, മുപ്ലിയം പാലം, ചക്കാലക്കടവ് പാലം, പാലക്കടവ് പാലം എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | കാരിക്കുളംകടവ് പാലം - കാരിക്കുളം കടവ് പാലം നിർമ്മാണത്തിനായി 1139 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പുതുക്കിയ ടെൻറ്ററ്റീവ് ജനറൽ ഡിസൈൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്.<br><br>മുപ്ലിയം പാലം - മുപ്ലിയം പാലം നിലവിൽ ബലക്ഷയമില്ലാത്തതും ഗതാഗത യോഗ്യവുമാണ്. ടെൻറ്ററ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്.<br><br>ചക്കാലക്കടവ് പാലം - ചക്കാലക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 31.03.2023 തീയതിയിലെ സ.ഉ.(സാധാ) നം.441/2023/പൊ.മ.വ പ്രകാരം 12.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അന്തിമമാക്കിയ ജനറൽ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്.<br><br>പാലക്കടവ് പാലം - പാലക്കടവ് പാലം നിർമ്മാണത്തിനായി 730 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിൽ സ്പഷ്ടീകരണം ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ടെൻറ്ററ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനും പുതുക്കിയ ഡിസൈനിന് അംഗീകാരം | (ബി) | എ പിരിവിന്റെ അതേ ഉത്തരം |

| | | | |
|---|---|---|---|
| | നൽകുന്നതുമുൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | | |
| (സി) | പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഡിസൈൻ തയ്യാറാക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഡിസൈൻ വിംഗിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പ്രവൃത്തികളുടെ മുൻഗണന (AS accorded, budget provision, reconstruction) അനുസരിച്ച് സമയ ബന്ധിതമായി ഡിസൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സമയബന്ധിതമായി ഡിസൈൻ പൂർത്തീകരിക്കുന്നതിനാവശ്യമായ റിവ്യൂ മീറ്റിംഗുകൾ നടത്തി ഡിസൈൻ പുരോഗതി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ